LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നോർമ്മൽ ഡെവലപ്മെന്റ് പദ്ധതി, ആർ.ജി.ജി.വി.വൈ. പദ്ധതി, DDUGJY പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 59 കി.മി. 11 കെ.വി ലൈൻ വലിക്കുകയും 54 ട്രാൻസ്ഫോമർ സ്ഥാപിക്കുകയും 31.13 കി.മീ. എൽ.റ്റി ലൈൻ വലിക്കുകയും 85.33 കി.മീ. ലൈൻ കൺവർഷൻ നടത്തുകയും 11859 സർവ്വീസ് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികളിലായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു:

പ്രവൃത്തിയുടെ പേര്	നോർമൽ ഡെവലപ്മെന്റ് ഫണ്ട് (ലക്ഷം)	RGGVY (ലക്ഷം)	DDUGJY (ലക്ഷം)	ആകെ തുക (ലക്ഷം)
11 കെ.വി. ലൈൻ നിർമ്മാണം	276.35	51.22	...	327.57
ട്രാൻസ്ഫോമർ സ്ഥാപിക്കൽ	127.09	...	...	127.09
എൽ.റ്റി.ലൈൻ നിർമ്മാണം	12.16	110.76	...	122.92
കൺവേർഷൻ	112.80	...	...	112.80
സർവീസ് കണക്ഷൻ	226.46	6.6965	0.09256	233.249

കെ.എസ്.ഇ.ബി. മേജർ സെക്ഷൻ ഓഫീസുകൾ

10 (395) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ മേജർ സെക്ഷൻ ഓഫീസുകളാക്കി ഉയർത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) താനൂർ നഗരസഭയുടെ പരിധിയിൽ വരുന്ന താനൂർ സെക്ഷൻ ഓഫീസ് മേജർ സെക്ഷൻ ഓഫീസാക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ & ബി) മേജർ സെക്ഷൻ ഓഫീസുകൾ എന്ന ആശയം ഇപ്പോൾ കെ.എസ്.ഇ.ബി. ലിമിറ്റഡിലില്ല. കേരളത്തിൽ നോർത്ത്, സെൻട്രൽ, സൗത്ത് എന്നീ മൂന്നുവിതരണ മേഖലകളിലായി 747 മോഡൽ ഇലക്ട്രിക്കൽ സെക്ഷനുകളാണ് ഇപ്പോൾ നിലവിലുള്ളത്.

കെ.എസ്.ഇ.ബി. ഓഫീസുകളിൽ ഉപഭോക്താക്കൾക്ക് പണം അടയ്ക്കുന്നതിനുള്ള സമയക്രമം

11 (396) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ക്ക് ഉപഭോക്താവിൽ നിന്നും പണം സ്വീകരിക്കുന്ന എത്ര ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഓഫീസുകളിൽ ഉപഭോക്താക്കൾക്ക് പണം അടയ്ക്കാൻ സാധിക്കുന്ന സമയക്രമം വിശദീകരിക്കാമോ;

(സി) കെ.എസ്.ഇ.ബി. യിൽ ജോലി ചെയ്യുന്ന കാഷ്യർമാരുടെ പേരും എംപ്ലോയ്മെന്റ് കോഡും തസ്തികയും സെക്ഷനാഫീസ് തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ, സബ് എഞ്ചിനീയർ /ഓവർസിയർ ഓഫീസുകൾ, കളക്ഷൻ സെന്ററുകൾ എന്നിവയുൾപ്പെടെ 890 ഓഫീസുകളിൽ ഉപഭോക്താക്കളിൽ നിന്നും പണം സ്വീകരിക്കുന്നുണ്ട്. ഫ്രണ്ട്സ്, അക്ഷയ എന്നീ കേന്ദ്രങ്ങളിലും തിരുവനന്തപുരത്ത് വൈദ്യുതിഭവൻ കേന്ദ്രീകൃതമായുള്ള Centralized customer care Centre-ലും ഉപഭോക്താക്കളുടെ പണം സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമേ തിരുവനന്തപുരം വൈദ്യുതി ഭവനിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള cash Deposit Machine മുഖേനയും Net Banking സംവിധാനം ഉപയോഗിച്ചും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി പണമിടപാടുകൾ നടത്താവുന്നതാണ്.

(ബി) സെക്ഷൻ ഓഫീസുകളിൽ രാവിലെ 8 മണി മുതൽ 6 മണിവരെയാണ് സാധാരണയായി പണം സ്വീകരിക്കുന്നത്. എന്നാൽ ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ ഉപഭോക്താക്കളെ അറിയിച്ചുകൊണ്ട് സമയക്രമത്തിൽ മാറ്റം വരുത്താറുണ്ട്. സെക്ഷൻ ഓഫീസുകൾ ഒഴിച്ചുള്ള കളക്ഷൻ സെന്ററുകളിൽ സെക്ഷൻ ഓഫീസുകളിൽ നിന്നും മുൻകൂട്ടി നിശ്ചയിച്ച് അറിയിപ്പ് നൽകിയിട്ടുള്ള ദിവസങ്ങളിൽ മുൻകൂട്ടി അറിയിച്ച സമയക്രമത്തിൽ പണം സ്വീകരിക്കുന്നുണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly